IV സബ്മിഷൻ

1. ഖനനംമൂലം പ്രദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, എന്റെ നിയോജക മണ്ഡലത്തിലെ വെള്ളരിക്കുണ്ട് താലൂക്കിലെ കിനാലൂർ കരിന്തളം പഞ്ചായത്തിൽ തലയെടുക്കം എന്ന സ്ഥലത്തെ പൊതുമേഖലാ സ്ഥാപനമായ കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡ് കമ്പനി ഖനനം തുടങ്ങിയിട്ട് 11 വർഷമായി, അലുമിനസ് ലാറ്ററേറ്റും ബോക്സൈറ്റും ഖനനം ചെയ്യുന്നതിനെതിരായി എല്ലാ രാഷ്ട്രീയ പാർട്ടികളും സംഘടനകളും അഞ്ചുമാസത്തിലേറെക്കാലമായി വലിയ പ്രക്ഷോഭം നടത്തിവരികയാണ്. പഞ്ചായത്തിലെ ഉയരംകൂടിയ ഭാഗത്ത് ചെങ്കൽ പാറകളിൽ നടത്തുന്ന ഖനനംമൂലം ഈ പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമവും വരൾച്ചയും നേരിടുകയാണ്. ഉയർന്ന ജലസംഭരണശേഷിയുള്ള ഇവിടത്തെ ചെങ്കൽപാറകളിൽ നിന്നാണ് ജില്ലയിലെ പ്രധാന നദികളിലൊന്നായ നീലേശ്വരം പുഴ ഉത്ഭവിക്കുന്നത്. അതുപോലെ പാരിസ്ഥിതിക പ്രാധാന്യമുള്ള endemic ആയ നാന്നൂറിലേറെ സസ്യവിഭാഗങ്ങൾ ഉള്ള പ്രദേശം കൂടിയാണ് ഖനനത്തിന് വിധേയമാകുന്നത്. ഇപ്പോൾ ഈ പ്രദേശത്തെ ഭൂമിക്കടിയിൽ സോയിൽ പൈപ്പിംഗ് പ്രതിഭാസമുള്ളതായി ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ വിദഗ്ധർ കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനുമതികളൊന്നുമില്ലാ ത്തതിനാൽ 195 ഗ്രാമപഞ്ചായത്ത് ഖനനം നിർത്തുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. അവിടത്തെ ഗ്രാമസഭയും ഐകകണ്ഠ്യേന ഖനനം നിർത്തണമെന്നാവശ്യപ്പെട്ട് പ്രമേയം അംഗീകരിച്ച് സർക്കാരിലേക്ക് നൽകിയിരിക്കുകയാണ്. ഇപ്പോൾ അതിലെ പ്രധാനമായ വിഷയം, ഈ കമ്പനി ഇവിടെ ഖനനം ചെയ്യുന്ന ലാറ്ററേറ്റോ ബോക്സൈറ്റോ ഉപയോഗിച്ചുകൊണ്ടുള്ള യാതൊരുവിധ ഉത്പന്നങ്ങളും കെ.സി. സി.പി.എൽ. കമ്പനി നിർമ്മിക്കുന്നില്ല. ഖനനം ചെയ്ത് വിവിധ സംസ്ഥാനങ്ങളിലെ സ്വകാര്യ കമ്പനികൾക്ക് നൽകിവരികയാണ്. 1957-ലെ Mines and Minerals (Development & Regulation) Act പ്രകാരമോ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ ഇ. ഐ. എ. നോട്ടിഫിക്കേഷൻ പ്രകാരമോ വൻകിട ധാതുവായ ബോക്സൈറ്റ് ഖനനം ചെയ്യുന്നതിനാവശ്യമായ യാതൊരുവിധ അനുമതിയും കമ്പനി നേടിയിട്ടില്ല. Indian Bureau of Mines (IBM) അംഗീകരിച്ച ഒരു മൈനിംഗ് പ്ലാനും കമ്പനിക്ക് ഇല്ല. ഖനനത്തിനെതിരായ പ്രതിഷേധം ഉയർന്നുവന്നതിനുശേഷം ഏതാനും ആഴ്ചകൾക്ക് മുമ്പു മാത്രമാണ് മൈനിംഗ് പ്ലാൻ അംഗീകരിക്കുന്നതിന് ഐ.ബി.എം. മുമ്പാകെ അപേക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണിച്ചിട്ടുള്ളത്. ഇതുവരെ കമ്പനിക്ക് അനുമതി ലഭിച്ചോയെന്നറിയില്ല. ഈ സാഹചര്യത്തിൽ അവിടത്തെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും നാട്ടുകാരുമെല്ലാം ഒന്നിച്ചുചേർന്ന കൊണ്ട് ഖനനത്തിനെതിരായി 162 ദിവസത്തിലധികമായി കമ്പനിക്ക് മുമ്പാകെ പ്രക്ഷോഭം നടത്തുകയാണ്. ഇപ്പോൾ ഏതാണ്ട് അഞ്ച് മാസത്തിലേറെയായി കമ്പനി ഉറന്നിട്ടില്ല. കമ്പനി മൈനിംഗ് നടത്തി മറ്റ് സംസ്ഥാനങ്ങളിലേക്ക് അസംസ്കൃതവസ്തുക്കൾ എത്തിച്ചു കൊടുക്കുന്ന ജോലി മാത്രമാണ് നിർവ്വഹിക്കുന്നത്. അല്ലാതെ കമ്പനി യാതൊരു ഉത്പാദനവും നടത്തുന്നില്ല. ഈ സാഹചര്യത്തിൽ ആ മേഖലയിലെ ഖനനം പൂർണ്ണമായും നിർത്തിവയ്പ്പാനുള്ള ഉത്തരവ് ഉണ്ടാകണ മെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, പൊതുമേഖലാ സ്ഥാപനമായ ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡ് ആണ് ഈ കമ്പനി. ഇതൊരു പൊതുമേഖലാ സ്ഥാപനമാണെന്നുള്ളതാണ് പ്രശ്നം. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതൊന്നും പൂർണ്ണമായി തള്ളിക്കളയാൻ കഴിയാത്ത കാര്യങ്ങളാണ്. അവിടത്തെ ഖനനം ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. മാടായിൽ ഇപ്പോൾ ഖനനം നിർത്തിവച്ച കരിന്തളത്തും ഇതുതന്നെയാണ് സ്ഥിതി. ഖനനം നടത്തുന്നത് കടിവെള്ളത്തിനെയൊക്കെ ബാധിക്കുന്നുണ്ട്. ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡ് കമ്പനിയുടെ ഒരു ഡൈവേഴ്സിഫിക്കേഷൻ മൈനിംഗ് എന്ന നിലയിൽ ക്ലേയും ബോക്സൈറ്റുമൊക്കെ വാഷ് ചെയ്ത് വിൽക്കുക എന്നതാണ്. അതൊന്നും കാലാകാലം കൊണ്ടുനടക്കാൻ കഴിയില്ല. അതുകൊണ്ട് കമ്പനിയുടെ മൈനിംഗ് ഡൈവേഴ്സിഫിക്കേഷനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. നാട്ടുകാരുടെ എതിർപ്പുമൂലം ഇപ്പോൾ അവിടെ മൈനിംഗ് നിർത്തിവച്ചിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് എം.എൽ.എ.-മാരും ട്രേഡ് യൂണിയനുകളുമായി അടുത്തയാഴ്ച ചർച്ച ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുണ്ട്.

2. ലോക്കൽ കമ്മിറ്റി നേതാവിനെ ആക്രമിച്ചവർക്കെതിരെ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഗുരുതരമായ ഒരു പ്രശ്നം സഭയിൽ ഉന്നയിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ക്ഷേത്രം അതിപ്രസിദ്ധമായ ഒരു ക്ഷേത്രമാണ്. കുറച്ചുകാലമായി ആ ക്ഷേത്രവും പരിസരപ്രദേശവും ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും ഗുണ്ടാസംഘം സംഘർഷ ഭൂമിയാക്കി മാറ്റിയിരിക്കുകയാണ്. കഴിഞ്ഞ ജൂലൈ 18-ാം തീയതി വൈകുന്നേരം സി.പി.ഐ.(എം).ന്റെ കൊടുങ്ങല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly